# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.846 11.03.2015-ൽ മറുപടിയ്ക്ക്

## ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഹൈബി ഈഡൻ : | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചെക്ക് ഡാമുകളും സ്റ്റോറേജ് ഡാമുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ചെക്ക് ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്. ഇവയുടെ പണി പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| (ബി) എങ്കിൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) നദികളിലെയും മറ്റു നീർച്ചാലുകളിലേയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്തു ലഭിക്കുന്ന അധിക ജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജല വിതരണം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പരിസ്ഥിതിക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) ചില പദ്ധതികൾ കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ച് ചെയ്യാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ? | (ഡി) | നദികളിലെയും മറ്റു നീർച്ചാലുകളിലേയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്തു ലഭിക്കുന്ന അധിക ജലം തടഞ്ഞു നിർത്തി സമീപ പ്രദേശത്തെ ഭൂജല വിതരണം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, എന്നിവയാണ് വരൾച്ച പ്രതിരോധിക്കുന്നതിന് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**